"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആലപ്പുഴ നഗരസഭയിൽ പുന്നമടയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഹോട്ടലിന് അനുമതി നൽകിയതിൽ ക്രമക്കേട് ആരോപിച്ച് പരാതി-അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1228/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/06/2021

പരാമർശം:- 1 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 30.11.2019 ലെ E6-34578/2019/ALP നമ്പർ റിപ്പോർട്ട്.

2 നഗരകാര്യ ഡയറക്ടറുടെ 05.03.2020 തീയതിയിലെ വി1-524/2020-ാം നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

ആലപ്പുഴ പുന്നമടയിൽ പ്രവർത്തിക്കുന്ന റമദ ഹോട്ടലിന് നഗരസഭയുടെ അനുമതി ലഭിക്കുന്നതിനായി മുൻ നഗരസഭാ സെക്രട്ടറി 22 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതായ പരാതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വെരിഫിക്കേഷൻ നടത്തി ടി പരാതിയുടെ നിജസ്ഥിതി വ്യക്തമാക്കുവാൻ ആലപ്പുഴ മുനിസിപ്പാലിറ്റി, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം ഓഫീസ് എന്നിവിടങ്ങളിൽ ടി ഹോട്ടലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും പരിശോധിക്കേണ്ടതിനാലും സാക്ഷികളേയും മറ്റും നേരിൽ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തേണ്ടതിനാലും ഈ പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണത്തിന് അനുമതി നൽകുന്നതിനായി വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നഗരകാര്യ വകുപ്പിൽ പരാതികളോ ആക്ഷേപങ്ങളോ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണെന്നും നഗരസഭാ സെക്രട്ടറിമാരുടെ നിയമനാധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ അന്വേഷണം സംബന്ധിച്ച് സർക്കാർ

തലത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ പുന്നമടയിൽ പ്രവർത്തിക്കുന്ന റമദ ഹോട്ടലിന് നഗരസഭയുടെ അനുമതി ലഭിക്കുന്നതിനായി മുൻ നഗരസഭ സെക്രട്ടറി കൈക്കൂലി വാങ്ങിയെന്ന് ആരോപിയ്ക്കുന്ന പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി എറണാകുളം മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം.

സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി ( നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ